39 (183) തേക്കുതോട് ഗവണ്മെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ തേക്കുതോട് ഗവണ്മെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) മലയോര പ്രദേശത്തെ ഒരു പ്രധാന ഗവണ്മെന്റ് ഹൈസ്കൂൾ എന്നത് കണക്കിലെടുത്ത് തേക്കുതോട് പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുമ്പോൾ ഇക്കാര്യം അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

40 (184) വി.എച്ച്.എസ്.ഇ. കോഴ്സുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിച്ചത് എന്നുമുതലാണ്;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്കൂളുകളിലായി ഏതെല്ലാം വി.എച്ച്.എസ്.ഇ. കോഴ്സുകൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വി.എച്ച്.എസ്.ഇ.യെ പ്രീഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രീഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചുകൊണ്ട് വി.എച്ച്.എസ്.ഇ. കോഴ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1983-84 അദ്ധ്യയനവർഷത്തിൽ ആണ് സംസ്ഥാനത്ത് വി.എച്ച്. എസ്.ഇ. കോഴ്സുകൾ ആരംഭിച്ചത്.

(ബി) സംസ്ഥാനത്ത് 230 സർക്കാർ സ്കൂളുകളിലും 91 എയ്ഡഡ് സ്കൂളുകളിലുമായി ആകെ 321 സ്കൂളുകളിൽ 45 തരം തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി കോഴ്സുകൾ നടത്തിവരുന്നു. ഈ കോഴ്സുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ള 12 (പന്ത്രണ്ട്) കോഴ്സുകളാണുള്ളത്. ഇവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. സിവിൽ കൺസ്ട്രക്ഷൻ ആൻഡ് മെയിന്റനൻസ്
2. അഗ്രികൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
3. അഗ്രികൾച്ചർ (ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്)
4. അഗ്രികൾച്ചർ (നേഴ്സറി മാനേജ്മെന്റ് ആൻഡ് ഓർണമെന്റൽ ഗാർഡനിംഗ്)
5. അഗ്രികൾച്ചർ (സെറികൾച്ചർ)
6. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (ഡയറി ഹസ്ബൻഡറി)
7. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബൻഡറി)
8. ഡയറിയിങ്ങ് (മിൽക്ക് പ്രോഡക്ട്സ്)
9. ഇ.സി.ജി. ആന്റ് ആഡിയോമെട്രിക് ടെക്നീഷ്യൻ
10. ഫിസിക്കൽ എഡ്യൂക്കേഷൻ
11. ക്ലോത്തിംഗ് ആന്റ് എബ്രോയിഡറി
12. ഓഫീസ് സെക്രട്ടറിഷിപ്പ്

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

41 (185) ഡി.പി.ഇ.പി. പദ്ധതിക്ക് വിദേശ സഹായം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതിയുടെ നടത്തിപ്പിലേക്കും മറ്റുകാര്യങ്ങൾക്കുമായി ലോകബാങ്കിൽ നിന്നും ഇതുവരെ എത്ര സാമ്പത്തികസഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി ഇനിയും ലഭിക്കാനിടയുള്ള വിദേശസഹായം എത്രയാണ്;

(സി) ലഭ്യമായ സഹായം ഏതെല്ലാം തരത്തിലാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ആകെ 69441

അനുബന്ധം IV

22.6.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 40 (184) ദയവായി കാണുക.

1999-2000 അദ്ധ്യയന വർഷത്തിൽ നടത്തിവരുന്ന വി.എച്ച്.എസ്.ഇ. കോഴ്സുകൾ

കോഴ്സിന്റെ പേര്

ഗ്രൂപ്പ് - എ

I. എൻജിനീയറിംഗ് ടെക്നോളജി :

1. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്
2. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ടൂ വീലേഴ്സ് ആന്റ് ത്രീവീലേഴ്സ്
3. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ഓട്ടോമൊബൈൽസ്
4. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് റേഡിയോ ആന്റ് ടെലിവിഷൻ
5. മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്
6. മെക്കാനിക്കൽ സർവ്വീസിങ്ങ് (അഗ്രോമെഷീനറി)
7. റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിങ്ങ്
8. ഇലക്ട്രോപ്ലേറ്റിംഗ്
9. പ്രിന്റിംഗ് ടെക്നോളജി (പ്രീപ്രസ് ഓപ്പറേഷൻ)
10. പ്രിന്റിംഗ് ടെക്നോളജി (പ്രസ് വർക്ക് ആന്റ് ഫിനിഷിംഗ്)
11. റബർ ടെക്നോളജി
12. ടെക്സ്റ്റയിൽ ഡയിംഗ് ആന്റ് പ്രിന്റിംഗ്
13. ടെക്സ്റ്റയിൽ വീവിങ്ങ്
14. ഡാറ്റാ പ്രോസസിംഗ് ആന്റ് കൺസോൾ ഓപ്പറേഷൻ
15. ഹൊറോളജി
16. പ്ലാസ്റ്റിക് മെറ്റീരിയൽസ് ആന്റ് പ്രോഡക്ട്സ്

ഗ്രൂപ്പ് - ബി

II. അഗ്രിക്കൾച്ചർ

17. അഗ്രിക്കൾച്ചർ (പ്ലാന്റ് പ്രൊട്ടക്ഷൻ)
18. അഗ്രിക്കൾച്ചർ (ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്)
19. അഗ്രിക്കൾച്ചർ (നഴ്സറി മാനേജ്മെന്റ് ആന്റ് ഓർണമെന്റൽ ഗാർഡനിംഗ്)
20. അഗ്രിക്കൾച്ചർ (സെറികൾച്ചർ)

LIBRARY ARCHIVES Kerala Legislative Assembly

III. ആനിമൽ ഹസ്ബന്ററി

21. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (ഡയറി ഹസ്ബന്ററി)
22. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് (പൗൾട്രി ഹസ്ബന്ററി)
23. ഡയറിയിംഗ് (മിൽക്ക് പ്രോഡക്ടഡ്)
24. ഫിഷറീസ് (അക്വാകൾച്ചർ)
25. ഫിഷറീസ് (ഫിഷിംഗ് ക്രാഫ്റ്റ് ആന്റ് ഗിയർ ടെക്നോളജി)
26. ഫിഷറീസ് (മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് മറൈൻ എൻജിൻസ്)
27. ഫിഷറീസ് (പ്രോസസിംഗ് ടെക്നോളജി)

IV. ഫിഷറീസ്

V. പാരാമെഡിക്കൽ

28. മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ
29. മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് ബയോ മെഡിക്കൽ എക്വിപ്മെന്റ്സ്
30. ഇ.സി.ജി. ആന്റ് ഓഡിയോമെട്രിക് ടെക്നീഷൻ
31. ഡൊമസ്റ്റിക് നഴ്സിംഗ്
32. ഡെന്റൽ ടെക്നോളജി
33. ഫിസിയോതെറാപ്പി

VI. ഫിസിക്കൽ എഡ്യൂക്കേഷൻ

34. ഫിസിക്കൽ എഡ്യൂക്കേഷൻ

VII. ഹോം സയൻസ്

35. ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി
36. കോസ്മറ്റോളജി ആന്റ് ബ്യൂട്ടി പാർലർ മാനേജ്മെന്റ്
37. ക്രെഷ് ആന്റ് പ്രീ-സ്കൂൾ മാനേജ്മെന്റ്

ഗ്രൂപ്പ് - സി

VIII. ബിസിനസ് ആന്റ് കോമേഴ്സ്

38. ട്രാവൽ ആന്റ് ടൂറിസം

ഗ്രൂപ്പ് - ഡി

39. ഓഫീസ് സെക്രട്ടറിഷിപ്പ്
40. അക്കൗണ്ടൻസി ആന്റ് ആഡിറ്റിംഗ്
41. ജനറൽ ഇൻഷുറൻസ്
42. മാർക്കറ്റിംഗ് ആന്റ് സെയിൽസ്മാൻഷിപ്പ്
43. റിസപ്ഷൻ, ബുക്ക്-കീപ്പിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ
44. കാറ്ററിംഗ് ആന്റ് റെസ്റ്റാറന്റ് മാനേജ്മെന്റ്
45. ബാങ്കിംഗ് അസിസ്റ്റന്റ്

LIBRARY ARCHIVES Kerala Legislative Assembly